# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/285/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/05/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2.അസി.ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്,ഇടുക്കി

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/285/22 തീയ്യതി: 10/05/2022

## ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 20-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം.വി സിനി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സണ്ണി എം.യു,ഓഡിറ്റ് ഓഫിസർ
ശ്രീ മേജോ കെ ജോർജ്ജ്,അസി.ഓഡിറ്റ് ഓഫിസർ
ശ്രീ ബെന്നി മാത്യു,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോമോൻ ഫ്രാൻസിസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ആശ ആന്റണി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീ ജോസ് സ്കറിയ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ധനേഷ് ബി | സെക്രട്ടറി | 01-04-2020 | 02-02-2021 |
| ശ്രീ ഹെബി മാത്യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2021 | 14-02-2021 |
| ശ്രീ ജോഷി ജോസഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ.എം.ഉഷാനന്ദൻ | അസി.എക്സി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ ജോസഫ് തോമസ് | അസി. എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സൂസൻ ബെഞ്ചമിൻ | കൃഷി അസി.ഡയറക്ടർ | 01-04-2020 | 11-09-2020 |
| ശ്രീമതി അശ്വതി ടി.വാസു | കൃഷി അസി.ഡയറക്ടർ അഡീഷണൽ ചാർജ്ജ് | 12-09-2020 | 01-10-2020 |
| ശ്രീ എം ഗോവിന്ദരാജ് | കൃഷി അസി.ഡയറക്ടർ അഡീഷണൽ ചാർജ്ജ് | 02-10-2020 | 28-12-2020 |
| ശ്രീമതി ബിജി സൂസൻ ജോർജ്ജ് | കൃഷി അസി.ഡയറക്ടർ | 29-12-2020 | 31-03-2021 |
| ശ്രീ വിനോദ് വി | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2020 | 09-06-2020 |
| ശ്രീ റജികുമാർ എ.സി | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 10-06-2020 | 02-07-2020 |
| ശ്രീ ഷീഹാബുദ്ദീൻ ടി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 03-07-2020 | 05-10-2020 |
| ശ്രീമതി ജാസ്മിൻ സി.എ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 06-10-2020 | 31-03-2021 |
| ശ്രീ സുനീഷ് പി.വൈ | പട്ടിക വർഗ്ഗ വികസന ഓഫിസർ | 01-04-2020 | 31-03-2021 |
| ശ്രീ ദിലീപ് കെ.എം | ജില്ലാ പട്ടിക ജാതി വികസന ഓഫിസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി അജിത കെ.എസ് | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ കട്ടപ്പന | 01-04-2020 | 29-11-2020 |
| ശ്രീമതി രമ പി.കെ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ കട്ടപ്പന | 30-11-2020 | 31-03-2021 |
| ശ്രീമതി രാധാമണി ബി.എസ് | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ വണ്ടൻമേട് | 01-04-2020 | 31-05-2020 |
| ശ്രീമതി അജിത കെ.എസ് | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ വണ്ടൻമേട് | 01-06-2020 | 29-11-2020 |
| ശ്രീമതി ജമീല എം.യു | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ വണ്ടൻമേട് | 30-11-2020 | 31-03-2021 |
| ഡോ.സെബാസ്റ്റ്യൻ കെ.ഇ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി ഉപ്പുതറ | 01-04-2020 | 31-03-2021 |
| ഡോ.ഷേർളി മാത്യൂ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി വണ്ടൻമേട് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 08-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jomon Francis (Senior Grade Auditor, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Asst. Audit Officer, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-3 |
| 4 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല - വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല<br>Written By: Majo K George (Asst. Audit Officer, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-05-2022) | 1-3-1 |
| 5 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: Majo K George (Asst. Audit Officer, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-3-2 |
| 6 | പദ്ധതി അവലോകനം<br>Written By: M.U.Sunny (Audit Officer, On 01-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-4 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Benny Mathew (Auditor, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-5 |
| 8 | ക്ഷേമ പെൻഷനുകൾ<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-6 |
| 9 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 28-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-8 |
| 11 | ബി-4 ഷെഡ്യൂളിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-9 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-9 -1 |
| 13 | വാർഷിക റെക്കൺസിലിയേഷൻ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-9-2 |
| 14 | മറ്റ് അപാകതകൾ<br>Written By: Benny Mathew (Auditor, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-04-2022) | 1-9-3 |
| 15 | കോടാലിപ്പാറ പ്രീമെട്രിക് ഹോസ്റ്റൽ കുളം അറ്റകുറ്റ പണി- കരാറുകാരന് 12% ജി.എസ്.ടി വിഹിതം അധികമനുവദിച്ചു<br>Written By: M.U.Sunny (Audit Officer, On 01-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 09-05-2022) | 1-10 |
| 16 | സുഭിക്ഷ കേരളം പദ്ധതി - അഗ്രോ സർവ്വീസ് സെന്ററിന് ധനസഹായം - | 1-11 |

| | | |
|---|---|---|
| | ചെലവിന്റെ വിശദാംശംങ്ങൾ ലഭ്യമല്ല.<br>Written By: Jomon Francis (Senior Grade Auditor, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-05-2022) | |
| 17 | ചക്കുപ്പള്ളം ഗ്രാമ പഞ്ചായത്ത് പളിയക്കടി നടപ്പാത കോൺക്രീറ്റിംഗ്-കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല<br>Written By: M.U.Sunny (Audit Officer, On 01-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 09-05-2022) | 1-12 |
| 18 | കട്ടപ്പനകാർഷിക വിപണന കേന്ദ്രത്തിലേക്ക് ഫർണീച്ചർ വാങ്ങൽ -ടെണ്ടർ നടപടികളിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 24-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-05-2022) | 1-13 |
| 19 | ഗ്രാമ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം തുക നൽകൽ-വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Benny Mathew (Auditor, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 09-05-2022) | 1-14 |
| 20 | സി എച്ച് സി ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.<br>Written By: Benny Mathew (Auditor, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-05-2022) | 1-15 |
| 21 | എച്ച്.എംസി കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നില്ല<br>Written By: Benny Mathew (Auditor, On 02-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-05-2022) | 1-16 |
| 22 | അരുവിക്കുഴി കണ്ടത്തിൽപ്പടി ചെക്ക് ഡാം -സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി<br>Written By: M.U.Sunny (Audit Officer, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-05-2022) | 1-17 |
| 23 | ഡേറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് കണ്ടിജൻസി ചെലവിൽ നിന്നും വേതനം അനുവദിച്ചു.<br>Written By: Majo K George (Asst. Audit Officer, On 03-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-05-2022) | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കോടാലിപ്പാറ പ്രീമെട്രിക് ഹോസ്റ്റൽ കുളം അറ്റകുറ്റ പണി- കരാറുകാരന് 12% ജി.എസ്.ടി വിഹിതം അധികമനുവദിച്ചു<br>Written By: M.U.Sunny (Audit Officer, On 01-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-05-2022) | 3-1 |
| 2 | ചക്കുപ്പള്ളം ഗ്രാമ പഞ്ചായത്ത് പളിയക്കടി നടപ്പാത കോൺക്രീറ്റിംഗ്-കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല<br>Written By: M.U.Sunny (Audit Officer, On 01-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-04-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 09-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-04-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 09-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 22-02-2022)<br>Last Updated By: Shyni M.R (Computer Assistant, On 09-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

തൻ വർഷത്തെ ബജറ്റ് 6.03.2019-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് 1(1) നമ്പർ തീരുമാനപ്രകാരം പാസാക്കിയിട്ടുണ്ട്. ₹83543266/- വരവും ₹88321068/- ചെലവും ₹4777802/- മിച്ചവും പ്രതീക്ഷിച്ചിരുന്ന ബജറ്റ് ആണ് അവതരിപ്പിച്ചത്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 10-06-2021 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 49198939 | 49198939 | 49096276 | 102663 | 99.79 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14655324 | 14655324 | 11436482 | 3218842 | 78.04 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 5313136 | 5313136 | 4058000 | 1255136 | 76.38 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 0 | 9240000 | 9240000 | 7985472 | 1254528 | 86.42 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 0 | 9240000 | 9240000 | 527573 | 8712427 | 5.71 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 8660000 | 8660000 | 8406307 | 253693 | 97.07 |
| ഐ.ഡബ്ല്യൂ.എം.പി | 4027343 | 7977181 | 12004524 | 5513800 | 6490724 | |

2020 തദ്ദേശതെരഞ്ഞെടുപ്പിനായി വോട്ടിംഗ് മെഷീനുകൾ വാങ്ങുന്നതിന് റോഡിതര സംരക്ഷണ ഗ്രാന്റിന്റെ രണ്ടാം ഗഡു അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ₹87591/- കുറവ് ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത തുക വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല.

#### 1-3-1 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല - വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ മുന്നിരിപ്പ്/വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക ആനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഹെഡ് | മുന്നിരിപ്പ് | വരവ് | ചെലവ്/ക്രമീകരിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 320100110 | 0 | 9641 | 0 | 9641 |
| 320100115 | 0 | 18250 | 0 | 18250 |
| 320100299 | 33734 | 0 | 0 | 33734 |
| 320300199 | 0 | 4290094 | 4219066 | 71028 |
| 320900299 | 9641 | 0 | 0 | 9641 |

320100102, 320100105, 320100115, 320100199, 320200309 ഹെഡുകളിൽ 31.03.2020ൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് ക്രമീകരിച്ചതിന് ഉപോദ്ബലകമായ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിന്റേയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-3-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2021ലെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ബ്ലോക്ക്പഞ്ചായത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ ബ്ലോക്ക്പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

| അക്കൗണ്ട് ഹെഡ് | നീക്കിയിരിപ്പ്/ലാപ്സായ തുക (₹) |
|---|---|
| 320100110 | 9641 |
| 320100115 | 18250 |
| 320100299 | 33734 |
| 320700209 | 346566 |
| 320700403 | 217000 |
| 320900299 | 9451 |

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക/വിനിയോഗ ശേഷം മിച്ചമുള്ള തുകകൾ, ഫണ്ട് അനുവദിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി അതത് സ്ഥാപനങ്ങൾക്ക് തിരികെ ഒടുക്കേണ്ടതോ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കേണ്ടതോ ആണ്.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)നം. 7/2017/ധന പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ബ്ലോക്ക്പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

എ) പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 153 | 107480141 | 134 | 81928167 | 19 | 75.1 |

1.ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 54949771 | 49096276 | 89.35 |
| | പട്ടിക ജാതി വിഭാഗം | 14212601 | 11436482 | 80.47 |
| | പട്ടിക വർഗ്ഗ വിഭാഗം | 5276947 | 4058000 | 76.90 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14297527 | 8513045 | 59.54 |
| തനത് ഫണ്ട് | | 487982 | 215993 | 44.26 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 10004533 | 8493628 | 84.89 |
| മറ്റിനം | | 614780 | 114743 | 18.66 |
| മറ്റ് ഗ്രാമ പഞ്ചായത്ത് | | 5836000 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 1800000 | 0 | 0 |
| ആകെ | | 107480141 | 81928167 | 76.23 |

2.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 4 | 4001981 | 4 | 3848047 | 96.15 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 25 | 24785114 | 22 | 14673875 | 59.20 |
| പട്ടിക ജാതി വികസന ഓഫീസർ | 6 | 7320836 | 6 | 5063934 | 69.17 |
| മെഡിക്കൽ ഓഫീസർ- കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 11 | 7633959 | 11 | 6846725 | 89.68 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർ | 5 | 3470000 | 5 | 2787890 | 80.34 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 8 | 5769670 | 7 | 2562128 | 44.41 |
| സീനിയർ വെറ്ററിനറി സർജൻ /അസിസ്റ്റന്റ് ഡയറക്ടർ /ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 3 | 540000 | 3 | 5400000 | 100 |
| അസിസ്റ്റന്റ് എൻജിനീയർ | 88 | 43384626 | 73 | 35031707 | 80.74 |
| അസി.എക്സി.എഞ്ചിനിയർ | 3 | 5713955 | 3 | 5713861 | 99.99 |

| | | | | | |
|---|---|---|---|---|---|
| ആകെ | 153 | 107480141 | 134 | 81928167 | 75.1 |

1-5 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-6 ക്ഷേമ പെൻഷനുകൾ

ഇല്ല

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.2.2022ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1500/-ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ സിറ്റിസൺ ഇൻഫർമേഷൻ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിവിധ വരവുകളും ചെലവുകളും കൃത്യമായ ഹെഡുകളിൽ അക്കൗണ്ട് ചെയ്യുന്നില്ല. കൃത്യമായി വിശദീകരണം നൽകി രസീതുകൾ പോസ്റ്റ് ചെയ്യേണ്ടതാണ്.

കിലയിൽ നിന്നും മറ്റും ലഭിച്ച പരിശീലന ഗ്രാന്റുകൾ പല ഹെഡുകളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. തനത് ഫണ്ടിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയുടെ കൂലിച്ചെലവ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നൽകിയ തുകകൾ മുൻകൂറായി അല്ല ബുക്ക് ചെയ്തത്. വരവുകളും ചെലവുകളും കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്. മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകൾക്ക് ഔദ്യോഗിക രസീത് വാങ്ങേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഫീസ് ഓർഡർ വഴി ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് പരിധിയിൽ നിന്ന് ചെലവ് ചെയ്യേണ്ടതും പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കേണ്ടതും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുമാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും

മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരിക്കുന്ന രീതി ആരംഭിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം ഓരോ മാസത്തെയും വൗച്ചർ ലിസ്റ്റ് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽപ്പെടുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികൾ 24.03.2018 ന് 2018-19 പദ്ധതിക്കുള്ള പ്രോജക്ടുകൾ ജനറൽ കമ്മറ്റിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-9 ബി-4 ഷെഡ്യൂളിലെ അപാകതകൾ

ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ഷെഡ്യൂൾ B-4 പ്രകാരം ചെലവഴിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളും ഷെഡ്യൂൾ B-17 പ്രകാരം ബാങ്ക് അക്കൗണ്ടിൽ നില നിർത്തിയിരിക്കുന്ന തുകകളും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു.

| ഇനം | ഷെഡ്യൂൾ B-4 പ്രകാരം തുക (₹) | ഷെഡ്യൂൾ B-17 പ്രകാരം തുക (₹) |
|---|---|---|
| IAY | 9641 | 466201 |
| ജോയിന്റ് വെഞ്ച്വർ (2 അക്കൗണ്ടുകൾ) | 563566 | 7000 |

ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച വിവിധ ഫണ്ടുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ (IAY, IWMP, Joint Venture എന്നിവ ഒഴികെ) ഏതൊക്കെ അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തി യിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാനായില്ല.

1-9 -1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ

ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-9-2 വാർഷിക റെക്കൺസിലിയേഷൻ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

450430101, 450620101, 450650109 എന്നീ ഹെഡുകളിലുള്ള ബാങ്ക് /ട്രഷറി പാസ്ബുക്ക് / സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ വർഷാവസാനം പ്രസ്തുത അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-9-3 മറ്റ് അപാകതകൾ

ഉപോൽബലകമായ രേഖകളുടെ പിൻബലമില്ലാതെ പ്രയർ പീരിയഡ് ഐറ്റത്തിൽ ഉൾപ്പെടുത്തി ₹94,942/- എഴുതിത്തള്ളിയിരിക്കുന്നു.

1-10 കോടാലിപ്പാറ പ്രീമെട്രിക് ഹോസ്റ്റൽ കുളം അറ്റകുറ്റ പണി- കരാറുകാരന് 12% ജി.എസ്.ടി വിഹിതം അധികമനുവദിച്ചു

കോടാലിപ്പാറ പ്രീമെട്രിക് ഹോസ്റ്റൽ കുളം അറ്റകുറ്റ പണി എന്ന പ്രവൃത്തിയിൽ ഇ-ടെണ്ടർ മുഖേന ഏറ്റവും കുറഞ്ഞ തുകയായ ₹497696/- ക്വോട്ട് ചെയ്ത വക്കൻ എഞ്ചിനിയേഴ്സ്&കോൺട്രാക്റ്റേഴ്സ് എന്ന കരാറുകാരനെയാണ് പ്രവൃത്തി നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നത്. 45.1% കോസ്റ്റ് ഇൻഡക്സും കരാറുകാരന്റെ ലാഭവിഹിതവുമുൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 6/03/2019-ൽ കരാർ ഒപ്പുവച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12% ജി.എസ്.ടി വിഹിതം വകയിരുത്തിയിരുന്നില്ല. കുളത്തിന്റെ നവീകരണം, പമ്പ് ഹൗസ്, ഇലക്ട്രിഫിക്കേഷൻ& പാനൽ ബോർഡ് എന്നിവയായിരുന്നു പ്രധാന പ്രവൃത്തി ഇനങ്ങൾ. പദ്ധതിയുടെ ആകെ പ്രവൃത്തിമൂല്യമായി കണക്കാക്കിയിരിക്കുന്നത് ₹407973/-യാണ്. ആകെ പ്രവൃത്തിമൂല്യമായ ₹407973/-യുടെ കൂടെ 12% ജി.എസ്.ടി വിഹിതമായ ₹48957/-കൂടി ചേർത്ത് ₹456930/-യാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാലും 2018-19 വർഷം അംഗീകാരം നേടിയ പ്രവൃത്തിയുമായതിനാൽ കരാറുകാരന് 12% ജി.എസ്.ടി വിഹിതം അനുവദനീയമല്ല.കരാറുകാന് ₹48957/-അധികം നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 1/24.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ ₹48957/-യിൽ നിന്നും 2% TDS തുകയായ ₹8160/- കുറവു ചെയ്ത ശേഷമുള്ള തുകയായ ₹40,797/- ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തുന്നു.

1-11 സുഭിക്ഷ കേരളം പദ്ധതി - അഗ്രോ സർവ്വീസ് സെന്ററിന് ധനസഹായം - ചെലവിന്റെ വിശദാംശംങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്റ്റ് നം, പദ്ധതിയുടെ പേര് | S00135/2021, സുഭിക്ഷ കേരളം പദ്ധതി - പ്രാദേശിക കാർഷിക ഉൽപന്ന വിപണന സംവിധാനത്തിനായി സംഘങ്ങൾക്ക്, സമിതികൾക്ക് ഗ്രാന്റ് നൽകലും, പഞ്ചായത്തുകളുടെ നീർത്തട പദ്ധതിയുമായി സംയോജിപ്പിക്കലും |
| അടങ്കൽ/ചെലവ് | 2780000/3,00,000/- |
| ബിൽ നം./ തീയതി, തുക | 2010086011800468753/25-8-2020, ₹ 3,00,000/- |

മേൽ പദ്ധതി പ്രകാരം അഗ്രോ സർവ്വീസ് സെന്റർ ഉപ്പുതറ എന്ന സ്ഥാപനത്തിന് ₹3,00,000/- നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 ഖണ്ഡിക 6(10) ക്രമ നം. 16 പ്രകാരം പ്രാദേശിക ഉല്പന്നങ്ങൾക്ക് വിപണന സംവിധാനം (കാർഷിക ഉല്പന്നങ്ങൾ ഉൾപ്പെടെ) ഏർപ്പെടുത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ, വാടക ഉപകരണം, അക്കൗണ്ടിംഗ് സംവിധാനം, ശീതീകരണ സംവിധാനം, എന്നിവയുടെ അടിസ്ഥാനത്തിൽ വാർഷിക ഗ്രാന്റ് നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വ്യക്തമാക്കിയവ സാധൂകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമല്ല.

2. ഓരോ സ്ഥാപനത്തിനും നൽകാവുന്ന ഗ്രാന്റ് തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

3.അഗ്രോ സർവ്വീസ് സെന്റർ, ഉപ്പുതറ എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

4.സ്ഥാപനത്തെ തിരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

5.പഞ്ചായത്തുകളുടെ നീർത്തട പദ്ധതിയുമായി സംയോജിപ്പിക്കലാണ് പദ്ധതിയുടെ ലക്ഷ്യം എന്ന പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/25-2-2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹3,00,000/- ടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-12 ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് പളിയക്കുടി നടപ്പാത കോൺക്രീറ്റിംഗ്-കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല

പളിയക്കുടി നടപ്പാത കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിക്കുവേണ്ടി 25.10.19 ൽ ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 2.11.19 ആയിരുന്നു. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി പിന്നീട് 6.11.19 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. ശ്രീ. ജോമോൻ പി.വി (2 എണ്ണം), ശ്രീ. ഷിജോ തോമസ് എന്നീ കരാറുകാരിൽ നിന്നുമായി ആകെ മൂന്ന് ടെണ്ടറുകളാണ് ലഭിച്ചിരുന്നത്. ₹407748.50/-ക്വോട്ട് ചെയ്തിരുന്ന ശ്രീ. ജോമോൻ പി.വി എന്ന കരാറുകാരന്റേതായിരുന്നു ഏറ്റവും കുറഞ്ഞ നിരക്ക്. എന്നാൽ കൂടിയ നിരക്കായ ₹422220.50/-ക്വോട്ട് ചെയ്തിട്ടുള്ള ശ്രീ.ജോമോൻ പി.വി എന്ന കരാറുകാരന്റെ തന്നെ ടെണ്ടർ ആണ് അംഗീകരിച്ചിട്ടുള്ളത്. ഒരിക്കൽ സമർപ്പിച്ചിട്ടുള്ള ടെണ്ടർ പിൻവലിക്കാനോ മാറ്റം വരുത്താനോ പാടില്ലെന്ന് കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2011ൽ വ്യക്തമാക്കിയിട്ടുണ്ട്. കുറഞ്ഞ ടെണ്ടർ തുക അംഗീകാരിക്കാതിരുന്നതുമൂലം ₹14474/-ഉം(222223-407749) 12% ജി.എസ്.ടി തുകയായ ₹1737/-ഉമുൾപ്പെടെ ₹16211/-കരാറുകാരന് അധികം നൽകിയിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ ₹16,211/- ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക 3-2ൽ ഉൾപ്പെടുത്തുന്നു.

## 1-13 കട്ടപ്പനകാർഷിക വിപണന കേന്ദ്രത്തിലേക്ക് ഫർണീച്ചർ വാങ്ങൽ -ടെണ്ടർ നടപടികളിലെ അപാകതകൾ

കട്ടപ്പന കാർഷിക വിപണന കേന്ദ്രത്തിലേക്ക് ഫർണീച്ചർ വാങ്ങൽ എന്ന പദ്ധതിക്ക് (പ്രോജക്ട് നം.128/18) 2018-19 വർഷം അംഗീകാരം ലഭിച്ചിരുന്നതാണ്. പദ്ധതി അടങ്കൽ ആയി ₹1200000/-നിർണ്ണയിച്ച് ഇ-ടെണ്ടർ ക്ഷണിക്കുകയും ₹1087450/-ക്വോട്ട് ചെയ്ത കരാറുകാരൻ ശ്രീ.ബെന്നി ജോണിന് 27.03.2018 ലെ 5(1) നമ്പർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ടെണ്ടർ ഉറപ്പിച്ചു നൽകുകയും ചെയ്തു. വിവിധ തരം മേശ, കസേര എന്നിവ സപ്ലൈ ചെയ്ത വകയിലും Vinyl Etching Work On Glass എന്ന പ്രവൃത്തി ചെയ്ത വകയിലും ബിൽനം.18100863011600784412/13.11.18, 20100863011600016515/ 14.04.2020 എന്നിവ പ്രകാരം ₹1075659/-പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.വാങ്ങാനുദ്ദേശിക്കുന്ന ഫർണീച്ചറുകളുടെ പൂർണ്ണമായ സ്പെസിഫിക്കേഷൻ വിവരങ്ങൾ ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയില്ല

വിവിധ വലുപ്പത്തിലുള്ള ഓഫിസ് മേശകളും കസേരകളും വാങ്ങുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്.

വാങ്ങാനുദ്ദേശിക്കുന്ന ഫർണീച്ചറുകളുടെ വലുപ്പം സംബന്ധിച്ച സ്പെസിഫിക്കേഷൻ മാത്രമാണ് ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയിരുന്നത്. മെറ്റീരിയൽ ഇനം, ഗുണനിലവാരം എന്നിവ സംബന്ധിച്ച സ്പെസിഫിക്കേഷൻ വിവരങ്ങൾ ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഫർണീച്ചറുകൾ വാങ്ങുന്നതിനു മുമ്പ് വാങ്ങേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ച് ഒരു ഏകദേശ വിലനിലവാരം തയ്യാറാക്കേണ്ടതായിരുന്നെങ്കിലും ഫർണീച്ചർ വാങ്ങലിനു മുന്നോടിയായുള്ള ഒരുക്കങ്ങളൊന്നും നടത്താതിരുന്നതുമൂലം ഫർണീച്ചറുകൾക്ക് വളരെ ഉയർന്ന എസ്റ്റിമേറ്റ് നിരക്ക് ടെണ്ടറിൽ ഉൾപ്പെടുത്തുകയും ചെയ്തു. 2013-ലെ സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 4-3 ലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വീഴ്ച വരുത്തുകയും ചെയ്തു.

2.മരാമത്ത് പ്രവൃത്തികൾക്കും ഫർണീച്ചർ വാങ്ങലിനും ഒരുമിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തു നൽകി

കാർഷിക വിപണന കേന്ദ്രത്തിലേക്ക് ഫർണീച്ചർ വാങ്ങൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ Vinyl Etching Work On Glass(180$m^2$), Design Paper Work On Wall എന്നീ പ്രവൃത്തി ഇനങ്ങളും ഉൾപ്പെടുത്തിയിരുന്നു. Vinyl Etching Work On Glass എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരം തയ്യാറാക്കിയിരുന്ന നിരക്ക് ₹500/$m^2$ ആയിരുന്നു. എസ്റ്റിമേറ്റിൽ ₹500/$m^2$ നിരക്ക് ഉൾപ്പെടുത്തിയതിനാധാരമായ ഒബ്സർവ്ഡ് ഡാറ്റാ ഫയലിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് ₹3040/$m^2$ ആണ്. എസ്റ്റിമേറ്റ് നിരക്കിന്റെ ആറിരട്ടിയോളമാണ് കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ള നിരക്ക്. ഫർണീച്ചറുകൾക്ക് വളരെ ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതുമൂലം കരാറുകാരന് ഫർണീച്ചർ ഇനങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്കും പൊതുമരാമത്ത് പ്രവൃത്തി ഇനങ്ങൾക്ക് വളരെ ഉയർന്ന നിരക്കും ക്വോട്ട് ചെയ്യാനുള്ള അവസരം ലഭിക്കുകയും ചെയ്തു. കരാറുകാരൻ വളരെ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്തിട്ടും കരാറുകാരനുമായി നെഗോസിയേഷൻ നടത്തി കുറഞ്ഞ നിരക്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികളൊന്നും അസി.എക്സി.എഞ്ചിനിയർ സ്വീകരിച്ചിട്ടുമില്ല. 182$m^2$ Vinyl Etching Work On Glass എന്ന പ്രവൃത്തി ചെയ്തതിന് ₹3040/$m^2$ നിരക്കിൽ കരാറുകാരന് ഇൻവോയ്സ് നം.13/21.5.18 പ്രകാരം ₹553324/-നൽകുകയും ചെയ്തിട്ടുണ്ട്. Vinyl Etching Work On Glass, Design Paper Work On Glass എന്നീ മരാമത്ത് പ്രവൃത്തികൾക്കും ഫർണീച്ചർ വാങ്ങലിനും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിൽ കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ Glass Work പ്രവൃത്തി ഏറ്റെടുത്തിരുന്നെങ്കിൽ പോലും ₹2540/$m^2$ (3040-500) നിരക്കിൽ 182$m^2$ പ്രവൃത്തിക്ക് ₹462280/-യുടെ നഷ്ടം ബ്ലോക്ക് പഞ്ചായത്തിന് ഒഴിവാക്കാമായിരുന്നു.

പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും ടെണ്ടർ നടപടികൾ സ്വീകരിക്കുമ്പോഴും ഫണ്ട് വിനിയോഗത്തിലെ സൂക്ഷ്മതയും സുതാര്യതയും ഉറപ്പുവരുത്തേണ്ടതാണ്.പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് വിശദമായ വകുപ്പുതല അന്വേഷണത്തിനു ശുപാർശ ചെയ്യുന്നു.

1-14 ഗ്രാമ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം തുക നൽകൽ-വിനിയോഗ വിവരം ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ക്രിമിറ്റോറിയം നിർമ്മാണം, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, പാലിയേറ്റിവ് കെയർ, അഗതിരഹിത കേരളം എന്നീ പ്രോജക്ടുകളിലായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ, ചുവടെ കൊടുത്തിരിക്കുന്ന തുകകളുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല.

(എ) ക്രിമിറ്റോറിയം നിർമ്മാണത്തിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം(പ്രോജക്ട് 164/21)

| ക്രമ നം. | പഞ്ചായത്ത് | തുക | ബിൽ നം./തീയതി | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | അയ്യപ്പൻകോവിൽ | 12306 | അലോട്ട്മെന്റ് നം. 134/28.9.20 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല |

(ബി) ഋക്കപാലം സാനിറ്ററി കോംപ്ലക്സ് നിർമ്മാണം(പ്രോജക്ട് നം.139/21)

| ക്രമ നം. | പഞ്ചായത്ത് | തുക | റിമാർക്സ് | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | അയ്യപ്പൻ കോവിൽ | 860035 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | അലോട്ട്മെന്റ് നം.340/27.03.2021 |

(സി) ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്

| ക്രമ നം. | പഞ്ചായത്ത് | തുക | റിമാർക്ക്സ് | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | കാഞ്ചിയാർ | 249900 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | അലോട്ട്മെന്റ് നം.119/28.09.2020 |
| 2 | ഇരട്ടയാർ | 118994 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | |
| 3 | ഉപ്പുതറ | 72000 | കൈപ്പറ്റ് വിവരവും വിനിയോഗ വിവരവും ലഭിച്ചിട്ടില്ല | |
| 4 | അയ്യപ്പൻകോവിൽ | 59000 | കൈപ്പറ്റ് വിവരവും വിനിയോഗ വിവരവും ലഭിച്ചിട്ടില്ല | |

(ഡി) പാലിയേറ്റിവ് കെയർ

| ക്രമ നം. | പഞ്ചായത്ത് | തുക | റിമാർക്സ് | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | ഉപ്പുതറ | 301310 | കൈപ്പറ്റ് വിവരവും വിനിയോഗ വിവരവും ലഭിച്ചിട്ടില്ല | അലോട്ട്മെന്റ് നം.64/27.05.2020 |

(ഇ) അഗതി രഹിത കേരളം

| ക്രമ നം. | പഞ്ചായത്ത് | തുക | റിമാർക്ക്സ് | ബിൽ നം /തീയതി |
|---|---|---|---|---|
| 1 | കാഞ്ചിയാർ | 100000 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | 20100863011601441373/ 30.03.21 |
| 2 | ഇരട്ടയാർ | 100000 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | |
| 3 | അയ്യപ്പൻകോവിൽ | 1000000 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | |

ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുകകൾ അനുവദിക്കുമ്പോൾ ഔദ്യോഗിക രസീത് വാങ്ങേണ്ടതാണ്. സംയുക്ത പ്രോജക്ടുകൾക്കായി അനുവദിക്കുന്ന ഫണ്ട് യഥാസമയം വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പിൽ സർക്കാർ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. മേൽ പ്രസ്താവിച്ച തുകകളുടെ വിനിയോഗവിവരങ്ങൾ ശേഖരിച്ച് അറിയിക്കേണ്ടതാണ്.

1-15 സി എച്ച് സി ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.

2020-21 വർഷത്തിൽ സി എച്ച് സി-കൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പണം നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം, പദ്ധതിയുടെ പേര് | അടങ്കൽ / ചെലവ് | ബിൽ നം./തീയതി | ലഭിച്ച മരുന്ന് | ലഭിക്കുവാനുള്ള മരുന്ന് |
|---|---|---|---|---|---|
| 1 | S0048/20, സി.എച്ച്.സി-വണ്ടൻമേടിന് മരുന്ന് വാങ്ങൽ | 300000/300000 | 20100863012300407680/ 10.08.2020 - ₹295064<br>20100863012301418326/ 29.03.2021 - ₹4936 | 4936 | 295064 |
| 2 | S0051/20, സി.എച്ച്.സി-വണ്ടൻമേടിന് പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങൽ | 910000/851786 | 20100863012301423142/ 29.03.2021 - ₹400000 | ഇല്ല | 400000 |

മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 എച്ച്.എംസി കണക്കുകൾ ഓഡിറ്റിന് ഹാജരക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ സർക്കാർ സി.എച്ച്.സി-കളുടെ നടത്തിപ്പ് ചുമതല ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന് സ്ഥാപനങ്ങളുടെ മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല.

1.സി എച്ച് സി ഉപ്പുതറ

2.സി എച്ച് സി വണ്ടൻമേട്.

പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

1-17 അരുവിക്കുഴി കണ്ടത്തിൽപ്പടി ചെക്ക് ഡാം -സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ അരുവിക്കുഴി കണ്ടത്തിൽപ്പടി ചെക്ക് ഡാം നിർമ്മിക്കുന്നതിന് 2017-18ൽ പ്രോജക്ട് ആവിഷ്കരിച്ച് 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹1941986/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, പദ്ധതി മാർഗ്ഗനിർദേശങ്ങൾ

പാലിക്കാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്.

| പ്രോജക്ടിന്റെ പേര് | ബിൽ നം./ചെക്ക് നം./തിയതി | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| അരുവിക്കുഴി കണ്ടത്തിൽപ്പടി ചെക്ക് ഡാം (140/2018, 112/2019, 102/2020, 141/2021) | 18100863011900373765/28.03.2019 | 594000 | അസിസ്റ്റന്റ് എഞ്ചിനിയർ |
| | 1910086301190037164/23.07.2019 | 352272 | |
| | 21100863011601093253/12.08.2020 | 995714 | |
| ആകെ | | 1941986 | |

14.02.2018ലെ സ.ഉ(കൈ)22/2001//തസ്വഭവ ഉത്തരവിലെ ഖണ്ഡിക 6.5.6 പ്രകാരം ജലസേചന പരിപാടികളുടെ ഗുണഭോക്തൃ പ്രദേശം നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. എന്നാൽ, ആയക്കെട്ട് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. രണ്ട് സ്വകാര്യ വ്യക്തികളുടെ സ്ഥലത്തിലൂടെ ഒഴുകുന്ന തോടിനു കുറുകെയാണ് പ്രോജക്ടിനായി ചെക്ക് ഡാം നിർമ്മിച്ചിട്ടുള്ളത്. രണ്ട് സ്വകാര്യവ്യക്തികളുടെ കൃഷിയ്ക്കായിട്ടാണ് ഫലത്തിൽ ചെക്ക് ഡാമിലെ വെള്ളം ഉപയോഗിക്കുന്നത്. 29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7.1(ബി).1 പ്രകാരം ജലസേചന പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/കർഷക കൂട്ടായ്മ/ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം. എന്നാൽ, മേൽ പ്രകാരം വ്യവസ്ഥ ചെയ്യാതെയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. പ്രോജക്ടിനായി ചെലവഴിച്ച ₹1941986/- തടസപ്പെടുത്തുന്നു.

1-18 ഡേറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് കണ്ടിജൻസി ചെലവിൽ നിന്നും വേതനം അനുവദിച്ചു.

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും പാലിന് സബ്സിഡി പദ്ധതിയുടെ ഡേറ്റ എൻട്രി ജോലി ചെയ്തതിന് ശ്രീമതി. അനീഷ എ, അനന്തചോലയിൽ, പശുപാറ എന്നയാൾക്ക് ചുവടെ പരാമർശിച്ച പ്രകാരം പ്രതിഫലമായി ₹60175/- നൽകിയിട്ടുണ്ട്.

| കാലയളവ് | ആകെ ദിവസം | നിരക്ക് (₹) | തുക (₹) | ബിൽ നം./തീയതി |
|---|---|---|---|---|
| 14.09.2020 – 30.102020 | 30 | 725 | 21750 | 2010086301220088 5872/02.01.2021 |
| 01.11.2020 – 31.12.2020 | 28 | 725 | 20300 | 20100863012201125534/22.02.2021 |
| 01.01.2021 – 28.02.2021 | 25 | 725 | 18125 | 20100863012201261158/16.03.2021 |
| ആകെ | | | 60175 | |

ഡേറ്റ എൻട്രി ഓപ്പറേറ്റർക്ക് പ്രതിഫലം നൽകുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഉത്തരവ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/24.02.2022) രണ്ടായിരത്തിൽപരം ഗുണഭോക്താക്കളുടെ വിവരങ്ങൾ എല്ലാമാസവും രേഖപ്പെടുത്തി സമയബന്ധിതമായി പ്രോജക്ട് നിർവ്വഹിക്കേണ്ടി വന്നതിനാലാണ് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരേ നിയോഗിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ക്ഷീരവികസന ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത് കമ്മിറ്റിയുടെയും സർക്കാരിന്റെയും മുൻകൂർ അനുമതിയില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച നടപടി ക്രമപ്രകാരമല്ല. ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം നേടേണ്ടതാണ്. ഡേറ്റാ എൻട്രിയുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമെങ്കിൽ സർക്കാർ അനുമതിയോടുകൂടി മാത്രം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോടാലിപ്പാറ പ്രീമെട്രിക് ഹോസ്റ്റൽ കുളം അറ്റകുറ്റ പണി- കരാറുകാരന് 12% ജി.എസ്.ടി വിഹിതം അധികമനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം. | 70/19&101/21 |
| പദ്ധതി അടങ്കൽ | ₹500000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കരാറുകാരൻ | വക്കൻ എഞ്ചിനിയേഴ്സ്&കോൺട്രാക്റ്റേഴ്സ് |
| കരാർ നം. | 54/AE/LSGD/KTP/18-19 തീയതി 6.3.19 |
| അളവു ബുക്ക് | 54/18-19 |
| ബിൽ നം&തുക | 17/20.4.20;₹456930/- |

കോടാലിപ്പാറ പ്രീമെട്രിക് ഹോസ്റ്റൽ കുളം അറ്റകുറ്റ പണി എന്ന പ്രവൃത്തിയിൽ ഇ-ടെണ്ടർ മുഖേന ഏറ്റവും കുറഞ്ഞ തുകയായ ₹497696/- ക്വോട്ട് ചെയ്ത വക്കൻ എഞ്ചിനിയേഴ്സ്&കോൺട്രാക്റ്റേഴ്സ് എന്ന കരാറുകാരനെയാണ് പ്രവൃത്തി നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നത്. 45.1% കോസ്റ്റ് ഇൻഡക്സും കരാറുകാരന്റെ ലാഭവിഹിതവുമുൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 6/03/2019-ൽ കരാർ ഒപ്പുവച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12% ജി.എസ്.ടി വിഹിതം വകയിരുത്തിയിരുന്നില്ല. കുളത്തിന്റെ നവീകരണം, പമ്പ് ഹൗസ്, ഇലക്ട്രിഫിക്കേഷൻ& പാനൽ ബോർഡ് എന്നിവയായിരുന്നു പ്രധാന പ്രവൃത്തി ഇനങ്ങൾ. പദ്ധതിയുടെ ആകെ പ്രവൃത്തിമൂല്യമായി കണക്കാക്കിയിരിക്കുന്നത് ₹407973/-യാണ്. ആകെ പ്രവൃത്തിമൂല്യമായ ₹407973/-യുടെ കൂടെ 12% ജി.എസ്.ടി വിഹിതമായ ₹48957/-കൂടി ചേർത്ത് ₹456930/- യാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാലും 2018-19 വർഷം അംഗീകാരം നേടിയ പ്രവൃത്തിയുമായതിനാൽ കരാറുകാരന് 12% ജി.എസ്.ടി വിഹിതം അനുവദനീയമല്ല.കരാറുകാന് ₹48957/-അധികം നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 1/24.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇലക്ട്രിഫിക്കേഷൻ& പാനൽ ബോർഡ്,പമ്പ് ഹൗസ് നിർമ്മാണം, 5HP മോട്ടോർ പമ്പ് സെറ്റ് എന്നീ പ്രവൃത്തികൾ നാളിതുവരെയും നടപ്പിലാക്കിയിട്ടുമില്ല. പദ്ധതി പൂർത്തീകരിക്കാത്തതു സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് ജി.എസ്.ടി നഷ്ട പരിഹാരമിനത്തിൽ അധികം നൽകിയ ₹48957/-യിൽ നിന്നും 2% TDS തുകയായ ₹8160/- കുറവു ചെയ്ത ശേഷമുള്ള തുകയായ ₹40,797/- ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

### 3-2 ചക്കുപ്പള്ളം ഗ്രാമ പഞ്ചായത്ത് പളിയക്കുടി നടപ്പാത കോൺക്രീറ്റിംഗ്-കുറഞ്ഞ നിരക്ക്

ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം | 118/21 |
| കരാറുകാരൻ | ജോമോൻ പി.വി |
| പദ്ധതി അടങ്കൽ | ₹500000/-(വി.ഫ) |
| അളവു ബുക്ക് | 23/19-20 |
| ബിൽ നം./ തീയതി&തുക | 19100863011901554330/19.3.20;₹472887/- |

പളിയക്കുടി നടപ്പാത കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിക്കുവേണ്ടി 25.10.19 ൽ ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു.ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 2.11.19 ആയിരുന്നു.ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി പിന്നീട് 6.11.19 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തു.ശ്രീ ജോമോൻ പി.വി(2 എണ്ണം),ശ്രീ ഷിജോ തോമസ് എന്നീ കരാറുകാരിൽ നിന്നുമായി ആകെ മൂന്ന് ടെണ്ടറുകളാണ് ലഭിച്ചിരുന്നത്. ₹407748.50/-ക്വോട്ട് ചെയ്തിരുന്ന ശ്രീ. ജോമോൻ പി.വി എന്ന കരാറുകാരന്റേതായിരുന്നു ഏറ്റവും കുറഞ്ഞ നിരക്ക്. എന്നാൽ കൂടിയ നിരക്കായ ₹422220.50/-ക്വോട്ട് ചെയ്തിട്ടുള്ള ശ്രീ ജോമോൻ പി.വി എന്ന കരാറുകാരന്റെ തന്നെ ടെണ്ടർ ആണ് അംഗീകരിച്ചിട്ടുള്ളത്. ഒരിക്കൽ സമർപ്പിച്ചിട്ടുള്ള ടെണ്ടർ പിൻവലിക്കാനോ മാറ്റം വരുത്താനോ പാടില്ലെന്ന് കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2011ൽ വ്യക്തമാക്കിയിട്ടുണ്ട്. കുറഞ്ഞ ടെണ്ടർ തുക അംഗീകാരിക്കാതിരുന്നതുമൂലം ₹14474/-യും (222223-407749) 12% ജി.എസ്.ടി തുകയായ ₹1737/-യുമുൾപ്പെടെ ₹16211/-കരാറുകാരന് അധികം നൽകിയിട്ടുണ്ട്. കരാറുകാരന് അധികം തുക നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.2/24.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം നൽകിയ ₹16211/-ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | - |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 31 മുതൽ 43 വരെ | 2000-01 | അവലോകനം | കുടിവെള്ളം /ജലസേചന പദ്ധതി അധിക ചെലവുകൾ | തുടരുന്നു |
| 2003-04 | 3(11) | 2006-07 | 3.3, 5.1 | ഡെപ്പോസിറ്റ് വേലകൾ (KSEB, KWA, KAICO) പൂർത്തിയാക്കിയിട്ടില്ല | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2004-05 | 3-3 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2) /2009 തീ. 04.01.11 | 13343 | 0 | ഇല്ല | 0 | 0 | 0 | 0 | 13343 | - |
| 2 | 2004-05 | 3-8 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 2004-05 | 3-10 | റ്റി. ആർ.<br>രാജശേഖരൻ<br>സെക്രട്ടറി | LF.21175/<br>Spl.cell.<br>(SC2)/2009<br>തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |
| 5 | 2004-05 | 3-13 | റ്റി. ആർ.<br>രാജശേഖരൻ<br>സെക്രട്ടറി | LF.21175/<br>Spl.cell.<br>(SC2)/2009<br>തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |
| 6 | 2004-05 | 3-16 | ജോസഫ്<br>അലക്സാണ്ടർ<br>പീറ്റർ<br>ബി.ഡി.ഒ | LF.21175/<br>Spl.cell.<br>(SC2)/2009<br>തീ. 04.01.11 | 19829 | 0 | | 0 | 0 | 0 | 0 | 19829 | - |
| 7 | 2002-03 | 3-2 | റ്റി. ആർ.<br>രാജശേഖരൻ<br>സെക്രട്ടറി | LF.9814/<br>Spl.cell.<br>(SC2)/2006<br>തീ. 07.02.07 | 1401 | 0 | | 0 | 0 | 0 | 0 | 1401 | - |
| 8 | 2002-03 | 3-3(1) | റ്റി. ആർ.<br>രാജശേഖരൻ<br>സെക്രട്ടറി | LF.9814/<br>Spl.cell.<br>(SC2)/2006<br>തീ.07.02.07 | 2706 | 0 | | 0 | 0 | 0 | 0 | 2706 | - |
| 9 | 2002-03 | 3-3(2) | റ്റി. ആർ.<br>രാജശേഖരൻ<br>സെക്രട്ടറി | LF.9814/<br>Spl.cell.<br>(SC2)/2006<br>തീ. 07.02.07 | 1700 | 0 | | 0 | 0 | 0 | 0 | 1700 | - |
| 10 | 2000-01 | 16 | കര്യാക്കോസ്<br>ജോൺ,<br>ഡയറി<br>എക്സ്റ്റൻഷൻ<br>ഓഫീസർ | LF.13262/<br>Spl.cell.<br>(SC2)/2005<br>തീ.16.10.06 | 1498 | 0 | | 0 | 0 | 0 | 0 | 1498 | - |
| 11 | 2000-01 | 18 | എസ്.മോഹനൻ,<br>സെക്രട്ടറി | LF.13262/<br>Spl.cell.<br>(SC2)/2005<br>തീ. 16.10.06 | 13949 | 0 | | 0 | 0 | 0 | 0 | 13949 | - |
| 12 | 1999-2000 | 18 | എസ്.മോഹനൻ,<br>സെക്രട്ടറി | LF.10042/<br>Spl.cell.<br>(SC2)/2005<br>തീ. 28.06.06 | 480 | 0 | | 0 | 0 | 0 | 0 | 480 | - |
| 13 | 1999-2000 | 19 | എസ്.മോഹനൻ,<br>സെക്രട്ടറി | LF.10042/<br>Spl.cell.<br>(SC2)/2005<br>തീ.28.06.06 | 1500 | 0 | | 0 | 0 | 0 | 0 | 1500 | - |
| 14 | 1999-2000 | 22 | എം.റ്റി സോമൻ<br>അസി.<br>എഞ്ചിനീയർ | LF.10042/<br>Spl.cell.<br>(SC2)/2005<br>തീ.28.06.06 | 10093 | 0 | | 0 | 0 | 0 | 0 | 10093 | - |
| 15 | 1999-2000 | 23 | എം.റ്റി സോമൻ<br>അസി.<br>എഞ്ചിനീയർ | LF.10042/<br>Spl.cell.<br>(SC2)/2005<br>തീ. 28.06.06 | 2434 | 0 | | 0 | 0 | 0 | 0 | 2434 | - |
| 16 | 1999-2000 | 24 | എം.റ്റി സോമൻ<br>അസി.<br>എഞ്ചിനീയർ | LF.10042/<br>Spl.cell.<br>(SC2)/2005<br>തീ. 28.06.06 | 2068 | 0 | | 0 | 0 | 0 | 0 | 2068 | - |
| 17 | 1999-2000 | 25 | എം.റ്റി സോമൻ<br>അസി.<br>എഞ്ചിനീയർ | LF.10042/<br>Spl.cell.<br>(SC2)/2005 | 2637 | 0 | | 0 | 0 | 0 | 0 | 2637 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | തീ. 28.06.06 | | | | | | | | | |
| 18 | 1999-2000 | 26 | എം.റ്റി സോമൻ അസി. എഞ്ചിനിയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 5498 | 0 | | 0 | 0 | 0 | 0 | 5498 | - |
| 19 | 1998-99 | 19 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 160 | 0 | | 0 | 0 | 0 | 0 | 160 | - |
| 20 | 1998-99 | 20 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 630 | 0 | | 0 | 0 | 0 | 0 | 630 | - |
| 21 | 1998-99 | 21 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 ₹29.01.2003 | 165 | 0 | | 0 | 0 | 0 | 0 | 165 | - |
| 22 | 1998-99 | 22 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 ₹29.01.2003 | 708 | 0 | | 0 | 0 | 0 | 0 | 708 | - |
| 23 | 1998-99 | 24 | ജോർജ്ജ് ജോസഫ്, പ്രസിഡന്റ് | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 70 | 0 | | 0 | 0 | 0 | 0 | 70 | - |
| 24 | 1998-99 | 25 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 2127 | 0 | | 0 | 0 | 0 | 0 | 2127 | - |
| 25 | 1998-99 | 30 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11812 | 0 | | 0 | 0 | 0 | 0 | 11812 | - |
| 26 | 1998-99 | 31 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11458 | 0 | | 0 | 0 | 0 | 0 | 11458 | - |
| 27 | 1998-99 | 32 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 7350 | 0 | | 0 | 0 | 0 | 0 | 7350 | - |
| 28 | 1998-99 | 33 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11854 | 0 | | 0 | 0 | 0 | 0 | 11854 | - |
| 29 | 1998-99 | 35 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 36375 | 0 | | 0 | 0 | 0 | 0 | 36375 | - |
| 30 | 1998-99 | 36 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 4100 | 0 | | 0 | 0 | 0 | 0 | 4100 | - |
| 31 | 1998-99 | 37 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12425 | 0 | | 0 | 0 | 0 | 0 | 12425 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 32 | 1998-99 | 38 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12576 | 0 | | 0 | 0 | 0 | 0 | 12576 | - |
| 33 | 1998-99 | 39 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 13930 | 0 | | 0 | 0 | 0 | 0 | 13930 | - |
| 34 | 1998-99 | 40 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 10982 | 0 | | 0 | 0 | 0 | 0 | 10982 | - |
| 35 | 1998-99 | 41 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 8849 | 0 | | 0 | 0 | 0 | 0 | 8849 | - |
| 36 | 1998-99 | 42 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12392 | 0 | | 0 | 0 | 0 | 0 | 12392 | - |
| 37 | 1998-99 | 43 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 16770 | 0 | | 0 | 0 | 0 | 0 | 16770 | - |
| 38 | 1998-99 | 47 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 5000 | 0 | | 0 | 0 | 0 | 0 | 5000 | - |
| 39 | 1995-96 1996-97 | 48 | ജെ.വർഗ്ഗീസ്, മെമ്പർ എം.പി.വർക്കി, മെമ്പർ ആനി സ്റ്റീഫൻ, മെമ്പർ കെ. പി. സുദർശൻ മെമ്പർ | LF.6755/ Spl.cell. (SC2)/2000 തീ.22.10.01 | 3712 | 0 | | 0 | 0 | 0 | | 3712 | - |
| 40 | 1995-96 1996-97 | 22 | എം.പി.വർക്കി, മെമ്പർ ആനി സ്റ്റീഫൻ മെമ്പർ, കെ.പി.സുദർശൻ മെമ്പർ | LF.6755/ Spl.cell. (SC2)/2000 തീ.22.10.01 | 248 | 0 | | 0 | 0 | 0 | 0 | 248 | - |
| 41 | 1995-96 1996-97 | 23 | - | LF.6755/ Spl.cell. (SC2)/2000 തീ.01.07.00 | 3000 | 0 | | 0 | 0 | 0 | 0 | 3000 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | ₹6149349 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹101617166 |

| | | |
|---|---|---|
| ആകെ | | ₹107766515 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹99957587 |
| നീക്കിയിരിപ്പ് | | ₹7808928 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹57008/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 2241986/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | ₹40797 | ശ്രീ.ജോസഫ് തോമസ്, അസി.എഞ്ചിനിയർ |
| 3-2 | | ₹16211 | ശ്രീ.ജോസഫ് തോമസ്, അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 300000 | ശ്രീമതി സൂസൻ ബഞ്ചമിൻ, കൃഷി അസി.ഡയറക്ടർ |
| 1-17 | 1941986 | ശ്രീ. ജോസഫ് തോമസ്, അസി.എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സൂസൻ ബഞ്ചമിൻ<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസി.ഡയറക്ടർ<br>കട്ടപ്പന ബ്ലോക്ക്<br>പഞ്ചായത്ത് | ഊരക്കാട്ടിൽ വീട്<br>ഗ്രീൻവാലിഹോംസ്<br>വെങ്ങല്ലൂർ പി.ഒ<br>തൊടുപുഴ |
| ശ്രീ. ജോസഫ് തോമസ്,<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ,<br>എൽ.എസ്.ജി.ഡി<br>സബ് ഡിവിഷൻ,കട്ടപ്പന | തെക്കേൽ(H),<br>നെറ്റിത്തൊഴ പി.ഒ,<br>നെറ്റിത്തൊഴ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|

| | വിവരം | എണ്ണം | |
|---|---|---|---|
| 1995-96<br>1996-97 | എൽ.എഫ്.ഐ.4/405/05<br>തീ. 3.8.2005 | 6 | 3-19,3-21,3-22,<br>3-23,3-24,3-25(1,3) |
| 1997-98 | എൽ.എഫ്.ഐ.3/345/2002<br>തീ. 27.6.2002 | 17 | 11,12,13,19,20,21,<br>22,23,26,27,2829,30,<br>31,32,33,34 |
| 1998-99 | എൽ.എഫ്.ഐ.4/357/13<br>തീ. 10.7.13 | 38 | 2,3,4,9,10,11,12,16,19,<br>20,21,22,23(1,2,3),24,25,<br>27,28,29,30,31,32,33,34,<br>35,36,37,38,39,40,41,42,<br>43,44,45,46,47,48,49 |
| 1999-00 | കെ.എസ്.എ-ഐ.ഡി.കെ-9/<br>465/2017 തീ. 27.4.2017 | 12 | 17,18,19,20,21,22,23,<br>24,25,26,27,28 |
| 2000-01 | എൽ.എഫ്.ഐ.4/498/08<br>തീ.3.11.2008 | 6 | 14,15,17,18,19,20 |
| 2001-02 | എൽ.എഫ്.ഐ.4/173/09<br>തീ. 6.3.2009 | 9 | 2-1,2-2,2-3,2-4,2-5,2-6,<br>2-7,2-8,3-14 |
| 2002-03 | എൽ.എഫ്.ഐ.4/450/08<br>തീ.04.11.2008 | 5 | 3-1,3-2,3-3 (1,2),3-4,,3-7 |
| 2003-04 | എൽ.എഫ്.ഐ.4/491/09<br>തീ. 8.9.2009 | 4 | 3-2,3-3,3-6,3-10 |
| 2004-05 | എൽ.എഫ്.ഐ.4/559/11<br>തീ. 3.11.2011 | 17 | 3-2,3-3,3-4,3-5,3-6,3-7,<br>3-8,3-9,3-10,3-11,3-12,<br>3-13,3-14,3-15,3-16,<br>3-17,3-18 |
| 2005-06 | എൽ.എഫ്.ഐ.-4/560/<br>2011/തീ.03.11.2011 | 7 | 3-1,3-2,3-3,3-4,3-6,3-7,3-8 |
| 2006-07 | എൽ.എഫ്.ഐ.-9/1129/<br>2010/ തീ.23.4.2011 | 8 | 2-1 എ,ബി,2-2,3-1,3-2,<br>3-3,3-4,3-6,4-3 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.ഐ.-9/1075/ 2011/തീ.22.2.2012 | 14 | 2-1,2-2,2-3,2-4,3-1,3-2,3-3, 3-4,3-6,3-7,3-8,3-9,3-10,3-11 |
| 2008-09 | എൽ.എഫ്.ഐ.-9/1073/ 2012/തീ.12.9.2012 | 21 | 1-1,1-2,1-3,1-4,2-1എ,ബി, 2-2,3-1,3-2,3-3,3-4,3-5,3-6, 3-7,3-8,3-9,3-10,3-11,3-12, 3-13,3-14,3-15 |
| 2009-10 | എൽ.എഫ്.ഐ.-9/1081/ 2012/തീ.3.10.2012 | 11 | 2-1,2-2,2-3,2-5,3-2,3-3,3-4, 3-5,3-6,3-7,4-3 |
| 2010-11 2011-12 | കെ.എസ്.എ-ഐ.ഡി.കെ-9/ 1437/15/തീ.4.4.2016 | 16 | 2-1,2-2,3-1,3-2,3-3,3-4,3-5 ,3-6,3-7,3-8,3-9,3-10,3-12, 3-13,3-14,3-15 |
| 2012-13 | കെ.എസ്.എ-ഐ.ഡി.കെ-9/ 1111/16/തീ. 1.09.2016 | 7 | 3-2,3-3,3-4,3-6,3-7,3-11,4-1 |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-9/ 86/16/തീ.20.06.2016 | 5 | 2-1 എ,ബി,3-1,3-2,3-3,4-3 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-9/ 924/16/തീ.1.02.2017 | 5 | 2-1,3-2,3-3,3-4,4-3 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-9/ 820/16/തീ.19.06.2017 | 11 | 2-1,2-3,3-3,3-4,3-5, 3-6,3-7,3-8, |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-9/ 203/18/തീ.28.02.2018 | 2 | 4-7,4-9 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ- 9-114/2019 തി. 27.02.2019 | 4 | 2-2, 3-3, 3-4, 4-7 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ- 9/880/2019 തി.10.12.2019 | 6 | 1-12 മുതൽ 1-17 വരെ |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ- 4/284/2022 തി.09.05.2022 | 13 | 1-1 മുതൽ 1-13 വരെ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്